// THE BIBLE TRUTH
Editor
P.K. VARGHESE
000
Published by Church of Christ
പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 27 July 2013 No.4

# എഡിറ്റോറിയൽ

പ്രായഭേദമെന്യേ മിക്കവാറും എല്ലാവരിലും ഇന്ന് അസഹിഷ്ണുത വർദ്ധിച്ചുകൊണ്ടാണിരിക്കുന്നത്. പല കാരണങ്ങൾകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്. നാം ജീവിക്കുന്ന സമൂഹവുമായി ഇണങ്ങിച്ചേരുവാനുള്ള തത്രപ്പാടിലാണ് ആളുകൾ. തങ്ങൾ വിചാരിക്കുന്നതുപോലെ കാര്യങ്ങളെല്ലാം പോകണമെന്നാണ് അവരുടെ ചിന്ത. ഭൗതികമായാലും ആത്മികമായാലും ആ ഒരു മനോഭാവം ആർക്കും ഗുണം ചെയ്യുകയില്ല. മറിച്ച് അത് നമ്മുടെ മനസിനേയും ശരീരത്തെയും ആത്മാവിനേയും ബാധിക്കും. സഹനശക്തികൊണ്ട് നമുക്ക് പലതും നേടുവാൻ കഴിയും. ക്ഷമ സഹിക്കുവാനുള്ള കഴിവു എന്നിവ നമുക്ക് മാതൃക കാണിച്ചു തന്നിരിക്കുന്നവനാണ് കർത്താവ്. എന്താണ് സഹിഷ്ണുത എന്ന് നാം ക്രിസ്തുവിൽനിന്നാണ് പഠിക്കേണ്ടത്.

തനിക്ക് ഇഷ്ടമല്ലാത്തതിനെ യേശു അതിജീവിച്ചത് വൈകാരികമായിട്ടായിരുന്നില്ല. പിന്നെയോ വിവേചനാപൂർവ്വമായിരുന്നു. നാൽപതു രാവും നാൽപതു പകലും ഉപവസിച്ചുകഴിഞ്ഞ യേശുവിനു വിശപ്പുണ്ടായി. അപ്പോഴായിരുന്നു പരീക്ഷകൻ അടുത്തു വന്നു അവനെ പരീക്ഷിച്ചത്. എന്നാൽ കർത്താവ് സഹിഷ്ണുതയോടെ പിശാചിനെ നേരിട്ടു. അവൻ ദൈവവചനത്താൽ അതിനെ നേരിട്ടു. അപ്പോൾ സഹിഷ്ണുതക്ക് ആദ്യമായി ദൈവവചന പരിജ്ഞാനം ആവശ്യമാണ്. നമ്മെ അസഹ്യപ്പെടുത്തുവാൻ വരുന്നവരോട് ശരിയായ സമയത്ത് ശരിയായ വാക്യം എടുത്തു നൽകുവാൻ നമുക്ക് കഴിയണം. ഇല്ലെങ്കിൽ നമ്മുടെ അറിവില്ലായ്മ നമുക്ക് തന്നെ ദോഷമായി ഭവിക്കും. എല്ലാവരും ദൈവപരിജ്ഞാനത്തിൽ എത്തണമെന്നാണ് ദൈവത്തിന്റെ ഇഛ.

ആരെന്തു പറഞ്ഞാലും അവരോട് സൗമ്യതയോടെ വേണം നാം പ്രതികരിക്കുവാൻ. യേശു നമുക്ക് കാണിച്ചു തരുന്ന തത്വം അതാണ്. താഴ്മയും വിനയവുമാണ് സഹിഷ്ണുതക്ക് ആവശ്യം. നിഗളം ഒന്നിനും പരിഹാരമല്ല. അതു നമ്മെ വീഴ്ത്തി കളയും. ഉന്നതിയിലെത്തുവാനുള്ള തെറ്റായ വിചാരം മനുഷ്യനിലുള്ളത് അവനെ കൊണ്ട് തെറ്റായി പ്രതികരിക്കുവാനിടയാക്കും. എന്തിനെങ്കിലും വേണ്ടി കാത്തിരിക്കുവാൻ നമുക്ക് ക്ഷമ ആവശ്യമാണ്. നാം വിചാരിക്കുന്നത് ലഭിച്ചില്ലെങ്കിൽ കിട്ടിയതിൽ തൃപ്തി അടയുവാൻ നാം ശീലിക്കണം. സ്വാർത്ഥതയാണ് പലരെയും അസഹിഷ്ണുതയുള്ളവരാക്കുന്നത്. ഒരർത്ഥത്തിൽ എല്ലാ പാപത്തിന്റേയും പിന്നിൽ സ്വാർത്ഥതയാണുള്ളത്. നാം ജഡികമായ അഭിലാഷത്തെ സാക്ഷാത്കരിക്കുവാൻ ശ്രമിക്കുമ്പോൾ, ആത്മാവിനെ കുറിച്ച് ചിന്തിക്കുകയില്ല. ആത്മിയ ചിന്തയുള്ളവർക്ക് സഹിഷ്ണുത കാണിപ്പാൻ കഴിയും.

ദൈവത്തിന് കീഴ്പ്പെടുവാനുള്ള ഒരു മനസ് എല്ലാവർക്കും ഉണ്ടായിരിക്കണം. അതായത്, എന്റെ ഇഷ്ടത്തേക്കാൾ ദൈവേഷ്ടത്തിന് ഞാൻ മുൻതൂക്കം കൊടുക്കണം. ആത്മിയമായി നാം ദൈവത്തോട് ഒരു കാര്യം യാചിച്ചു, എന്നാൽ അതു ലഭിക്കാതെ വന്നാൽ അസഹിഷ്ണുത കാണിച്ചിട്ടു കാര്യമില്ല. അത് ദൈവേഷ്ടമായിരിക്കയില്ല എന്നു സമാധാനിക്കണം. ഒരുപക്ഷെ ദൈവം അതിലും മികച്ചതായിരിക്കും നൽകുവാൻ പോകുന്നത്. നാം അതിനായി കാത്തിരിക്കുകയാണ് വേണ്ടത്.

യേശു ഈ ഭൂമിയിൽ വന്നു ശുശ്രൂഷിക്കുവാൻ തുടങ്ങിയതു മുതൽ അവസാനം വരെ ദൈവേഷ്ടത്തിനു കീഴ്പ്പെട്ടാണ് ജീവിച്ചത്. എല്ലാ കഷ്ടതയും സഹിച്ചു. സർവ്വലോകത്തിന്റേയും രക്ഷക്കു വേണ്ടിയാണ് അവൻ സകലവിധ ഉപദ്രവവും, കഷ്ടതയും സഹിച്ചത്. ക്രൂശിലെ മരണത്തോളം അവൻ തന്നെത്താൻ താഴ്ത്തി അനുസരണം പഠിച്ചു തികഞ്ഞവനായി. ആ യേശുക്രിസ്തുവിനെ അനുഗമിക്കുന്ന നമുക്ക് സഹിഷ്ണുത ആവശ്യമാണ്.. ദൈവഹിതമെങ്കിൽ തന്റെ പാനപാത്രം നീക്കേണമേ എന്ന് പ്രാർത്ഥിച്ചിട്ട് എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം നടക്കട്ടെ എന്നു പറഞ്ഞു. തന്നെ ക്രൂശിലേൽപിച്ച ആളുകൾക്ക് വേണ്ടി പിതാവിനോട് പ്രാർത്ഥിച്ചു അവരോട് ക്ഷമിക്കേണമേ എന്ന് അപേക്ഷിച്ചു. സഹിഷ്ണുതയില്ലാത്തവർക്ക് ക്ഷമിക്കുവാൻ കഴിയുകയില്ല. ക്രിസ്തുവിന്റെ ശിഷ്യന്മാരായ ക്രിസ്ത്യാനികൾ ഓർക്കേണ്ടതു കഷ്ടത സഹിഷ്ണുതയിലേക്ക് നമ്മെ നയിക്കും എന്നതാണ്.

✶

# ദുർന്നടപ്പ്

## *J.C.* ചോട്ട്

ഈ ലേഖനത്തിൽ നാം മനസിലാക്കുവാൻ പോകുന്നത് ദുർന്ന ടപ്പ് എന്ന പാപത്തെ കുറിച്ചാണ്. ശരീരത്തിൽ വസിക്കുന്ന മനുഷ്യൻ ശരീരത്തിന്റെ ഇച്ഛകൾ പ്രവർത്തിക്കും. വികാരം മിക്കവാറും എല്ലാ വർക്കും ഉള്ളതാണ്. എന്നാൽ ശമിപ്പിക്കുവാൻ നാം ശ്രമിക്കേണ്ടത് ദൈവം അനുവദിച്ചിട്ടുള്ള മാർഗത്തിൽകൂടെയാണ്. അല്ലാതെ നമ്മുടെ സ്വന്തം ഇഷ്ടപ്രകാരമായിരിക്കരുത്. ബൈബിളിൽ പറയുന്ന വിഷയമാകയാൽ നാം അത് ശരിയായി അറിഞ്ഞിരിക്കണം. എന്തു കൊണ്ട് അതു ഉണ്ടാകുന്നുവെന്നും പരിഹാരം എന്താണെന്നും ദൈവം അരുളിച്ചെയ്തിരിക്കുന്ന വചനമാണ് നാം അന്തിമമായി സ്വീക രിക്കേണ്ടത്. ഈ വിഷയം നാം പരസ്യമായി ചർച്ച ചെയ്യുവാൻ പലരും ലജ്ജിക്കുന്നു. പക്ഷെ ചിലർ അവ്വണ്ണം ജീവിക്കുന്നു എന്നതു പരമാർത്ഥമാണ്. പലരും അങ്ങനെ ജീവിക്കുന്നതിനാൽ ആളുകൾ അതിനെ അത്ര കാര്യമാക്കുന്നില്ല.

നിയമരഹിതമായ ലൈംഗികവേഴ്ച്ച നടത്തുന്നതിനെയാണ് ദുർന്ന ടപ്പ് എന്നു പറയുന്നത്. വിവാഹം കഴിക്കാതെ ഒരുമിച്ച് ജീവിക്കുന്ന സ്ത്രീപുരുഷന്മാരുണ്ട്. അതുപോലെ വിവാഹം കഴിച്ച സ്ത്രീ പുരു ഷന്മാർ മറ്റുള്ള സ്ത്രീപുരുഷന്മാരുമായി ലൈംഗികബന്ധം പുലർത്തി ജീവിക്കുന്നുണ്ട്. അത് വ്യഭിചാരമല്ലെങ്കിലും, അത് വ്യഭി ചാരത്തിലേക്ക് നയിക്കുന്നതാണ്. അവർ ഒരുപക്ഷെ സ്വന്ത പങ്കാളി യിൽ തൃപ്തി ലഭിക്കാത്ത കാരണം പറഞ്ഞാകാം ചെയ്യുന്നത്. ജീവിത ശൈലിയിലും വികാരശമനത്തിലും തൃപ്തി കണ്ടെത്തുവാൻ ശ്രമിക്കുന്നവർ ശ്രദ്ധിക്കേണ്ടത് ഈ കാര്യത്തിൽ ദൈവം എന്തു പറയുന്നു എന്നതാണ്. കാരണം നമ്മെ രക്ഷിപ്പാനും ശിക്ഷിപ്പാനും അധികാരമുള്ളത് ദൈവത്തിനാണ്. നിർഭാഗ്യവശാൽ സ്വന്തതാൽപ ര്യങ്ങളുടെ കാര്യം വരുമ്പോൾ, പലപ്പോഴും ദൈവനിയമത്തെ അവ ഗണിക്കുകയാണ്. കൂടാതെ അവർ തങ്ങൾ ചെയ്യുന്ന പ്രവൃത്തി യുടെ അനന്തരഫലത്തെ കുറിച്ചും ചിന്തിക്കുന്നില്ല. താൽക്കാലിക സുഖമാണ് അവരുടെ ലക്ഷ്യം.

ദൈവ സൃഷ്ടികളായ പുരുഷനും സത്രീയും എപ്രകാരം ജീവിക്കണം എന്നു ദൈവം നിർദ്ദേശിച്ചിരിക്കുന്നു. പുരുഷനെ പുരുഷനുവേണ്ടിയോ, സ്ത്രീയെ സ്ത്രീക്കുവേണ്ടിയോ അല്ല ദൈവം മെനഞ്ഞുണ്ടാക്കിയത്. ആ യാഥാർത്ഥ്യം ആരും മറക്കരുത്. പുരുഷനും സ്ത്രീക്കും ലൈംഗികാസക്തിയോടുകൂടിയാണ് ദൈവം സൃഷ്ടിച്ചത്. അത് നിറവേറ്റുന്നത് അവന്റെ ഹിതപ്രകാരം ആയിരിക്കണം. എല്ലാവർക്കും ഓരോ ആവശ്യങ്ങളുണ്ട്. അതിൽ പെടുന്നതാണ് ലൈംഗികമായ ആവശ്യം. പുരുഷൻ സ്ത്രീയെ കൂടാതെയോ, സ്ത്രീ പുരുഷനെ കൂടാതെയോ പൂർണ്ണമാകുന്നില്ല എന്നതാണ് വാസ്തവം. മനുഷ്യജീവിതം അർത്ഥപൂർണ്ണമാകുന്നത് ചേരേണ്ടതു ചേരുമ്പോഴാണ്. ദൈവം വിവാഹം മനുഷ്യർക്ക് അനുവദിച്ചിരിക്കുന്നത്, പുരുഷനും സ്ത്രീക്കും തമ്മിലാണ്. പ്രത്യുൽപാദനത്തിന് ഇണചേരൽ ആവശ്യമാണ്. വിവാഹത്തിലെ ഒരു ഉദ്ദേശം ലൈംഗിക തൃപ്തി വരുത്തുകയും അതിൽകൂടെ സന്താനങ്ങളെ ഉൽപാദിപ്പിക്കുകയും ആണ് ദൈവം ഉദ്ദേശിക്കുന്നത്. പുരുഷൻ പുരുഷനുമായിട്ടോ, സ്ത്രീ സ്തീയുമായിട്ടോ ലൈംഗിക ബന്ധം പുലർത്തിയാൽ ഒരിക്കലും സന്താനങ്ങൾ ഉണ്ടാകുകയില്ല. ദൈവം ഓരോ വ്യക്തിയെ കുറിച്ചും ഉദ്ദേശിക്കുന്നത് നിവർത്തിക്കുകയില്ല. വ്യക്തി താൽപര്യത്തെ എടുത്തു കാണിച്ച് ഓരോരുത്തർക്കും സ്വതന്ത്രമായി ചിന്തിക്കുവാനും പ്രവർത്തിക്കുവാനും സ്വാതന്ത്ര്യമുണ്ടെന്ന് വാദിക്കുന്നവർ ദൈവത്തോട് മൽസരിക്കുകയാണ്, അവർ ദൈവപദ്ധതിയെ ത്യജിക്കയുമാണ് ചെയ്യുന്നത്എന്നു സ്പഷ്ടം.

വിവാഹം എല്ലാവർക്കും മാന്യവും കിടക്ക നിർമ്മലവുമായിരിക്കട്ടെ എന്നാണ് തിരുവെഴുത്ത് വിവാഹത്തെ സംബന്ധിച്ചു പറഞ്ഞിരിക്കുന്നത്(എബ്രായർ 13:4). തന്നെയുമല്ല വിവാഹം വിലക്കുന്നത് ദൈവവ്യവസ്ഥക്ക് എതിരാണ് എന്നു കാണാവുന്നതാണ്. മനുഷ്യരിൽ ദൈവം നൽകിയിരിക്കുന്ന ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുവാൻ കഴിയുമെങ്കിൽ വിവാഹം സ്വയമായി കഴിക്കാതിരിക്കുന്നത് വേറെ കാര്യം. അതല്ലാതെ വിവാഹത്തെ ആർക്കും നിഷേധിക്കാവുന്നതല്ല. ദൈവം മുഖ്യമായി രണ്ടു സ്ഥാപനങ്ങൾ മനുഷ്യ ജീവിതത്തിന്റെ സുരക്ഷിതത്വത്തിനായി നൽകിയിരിക്കുകയാണ്. ഒന്നു ഭൗതികവും മറ്റൊന്ന് ആത്മികവുമാണ്.

ദുഷ്പ്രവൃത്തികളിലേക്ക് തിരിഞ്ഞ ആളുകളെ കുറിച്ച് വിവരിച്ച് അപ്പൊസ്തലനായ പൗലൊസ് പറയുന്നു: അതുകൊണ്ട് ദൈവം അവരെ തങ്ങളുടെ ഹൃദയങ്ങളിലെ മോഹങ്ങളിൽ സ്വന്ത ശരീരങ്ങളെ തമ്മിൽ തമ്മിൽ അവമാനിക്കേണ്ടതിന്നു അശുദ്ധിയിൽ ഏൽപിച്ചു. ദൈവത്തിന്റെ സത്യം അവർ വ്യാജമാക്കി മാറ്റി കളഞ്ഞു. സൃഷ്ടിച്ചവനേക്കാൾ അവർ സൃഷ്ടിയെ ഭജിച്ച് ആരാധിച്ചു. അവൻ എന്നേക്കും വാഴ്ത്തപ്പെട്ടവൻ ആമേൻ. അതുകൊണ്ട് ദൈവം അവരെ അപമാന രാഗങ്ങളിൽ ഏൽപിച്ചു. അവരുടെ സ്ത്രീകൾ സ്വാഭാവിക ഭോഗത്തെ സ്വഭാവവിരുദ്ധമാക്കി കളഞ്ഞു. അവ്വണ്ണം പുരുഷന്മാരും സ്വാഭാവിക സ്ത്രീഭോഗം വിട്ട് അന്യോന്യം കാമം ജ്വലിച്ച് ആണോട് ആൺ അവലക്ഷണമായതു പ്രവർത്തിച്ചു. ഇങ്ങനെ അവർ തങ്ങളുടെ വിഭ്രമത്തിന്നു യോഗ്യമായ പ്രതിഫലം തങ്ങളിൽ തന്നെ പ്രാപിച്ചു"(റോമർ 1:26-32).

അപ്പൊസ്തലനായ പൗലൊസിന്റെ കാലത്ത് കൊരിന്ത്യ പട്ടണം വളരെ പ്രശസ്തമായിരുന്നു. എന്നാൽ ദുഷ്പ്രവൃത്തിയുടെ കാര്യത്തിലും അവർ മുൻപന്തിയിലായിരുന്നു. മറ്റു പല കാര്യങ്ങളിലുമെന്നപോലെ, മതപരമായ ക്ഷേത്രങ്ങളും അവിടെ നിരവധിയുണ്ടായിരുന്നു. അവിടെ പലരും ക്രിസ്തുവിന്റെ സന്ദേശം കേട്ട് വിശ്വസിച്ച് അനുസരിച്ച് ക്രിസ്ത്യാനികളായി തീർന്നു. ഖേദകരമെന്ന് പറയട്ടെ പലരും തങ്ങളുടെ പഴയ ജീവിതശൈലിയിൽ തന്നെ മുൻപോട്ട് പോകുവാൻ പരീക്ഷിക്കപ്പെട്ടിരുന്നു. കൊരിന്തിലുള്ള ആളുകളിൽ ഇല്ലാതിരുന്ന പാപം കുറവായിരുന്നു. പരസംഗം അഥവാ ദുർന്നടപ്പ് അവയിൽ ഒന്നു മാത്രമായിരുന്നു. ആകയാൽ പൗലൊസ് അവരെ ഈ വിഷയത്തിൽ ശക്തമായി പ്രബോധിപ്പിച്ചു. അപ്പൊസ്തലൻ അവർക്ക് എഴുതി, "നിങ്ങളുടെ ഇടയിൽ ദുർന്നടപ്പ് ഉണ്ടെന്നു കേൾക്കുന്നു. ഒരുത്തൻ തന്റെ അപ്പന്റെ ഭാര്യയെ വെച്ചുകൊള്ളുന്നുപോൽ; അത് ജാതികളിൽ പോലും ഇല്ലാത്ത ദുർന്നടപ്പ് തന്നെ"(1 കൊരിന്ത്യർ 5:1). അതിൽ അവിടെയുള്ള അംഗങ്ങൾ ദുഃഖിക്കുന്നതിനുപകരം അഭിമാനം കൊള്ളുകയായിരുന്നു. ശരീരം ദുർന്നടപ്പിനല്ല, കർത്താവിന്നത്രേ. കർത്താവ് ശരീരത്തിന്നും(1 കൊരിന്ത്യർ 6:13). ഒരു ക്രിസ്ത്യാനിയുടെ ശരീരം ദൈവം വസിക്കുന്ന മന്ദിരമാണെന്ന കാര്യം നാം ഓർമ്മിക്കണം.

അപ്പൊസ്തലൻ കർശനമായി അവരെ താക്കീത് ചെയ്തു എഴുതിയിരിക്കുന്നത് ശ്രദ്ധിക്കുക. “ദുർന്നടപ്പുകാരോട് സംസർഗം അരുത് എന്നു ഞാൻ എന്റെ ലേഖനത്തിൽ നിങ്ങൾക്ക് എഴുതീട്ടുണ്ടല്ലോ. അത് ഈ ലോകത്തിലെ ദുർന്നടപ്പുകാരോടോ, അത്യാഗ്രഹികളോടോ, പിടിച്ചുപറിക്കാരോടോ, വിഗ്രഹാരാധികളോടോ അരുത് എന്നല്ലല്ലോ. അങ്ങനെയെങ്കിൽ നിങ്ങൾ ഈ ലോകം വിട്ടുപോകേണ്ടിവരും. എന്നാൽ സഹോദരൻ എന്നു പേർപെട്ട ഒരുവൻ ദുർന്നടപ്പുകാരനോ അത്യാഗ്രഹിയോ, വാവിഷ്ഠാണക്കാരനോ, മദ്യപനോ, പിടിച്ചുപറിക്കാരനോ ആകുന്നു എങ്കിൽ, അവനോട് സംസർഗം അരുത്. അങ്ങനെയുള്ളവനോടുകൂടെ ഭക്ഷണം കഴിക്കപോലും അരുത് എന്നത്രെ ഞാൻ നിങ്ങൾക്ക് എഴുതിയത്”(1 കൊരിന്ത്യർ 5:9-11).

ശരീരത്തിന്റെ പ്രാധാന്യം ഓർപ്പിച്ച് പൗലൊസ് തുടർന്നു പറയുന്നത് നമുക്കും ബാധകമാണ്. “നിങ്ങളുടെ ശരീരങ്ങൾ ക്രിസ്തുവിന്റെ അവയവങ്ങൾ ആകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? ക്രിസ്തുവിന്റെ അവയവങ്ങളെ ഞാൻ എടുത്ത് വേശ്യയുടെ അവയവങ്ങൾ ആക്കാമോ? ഒരുനാളും അരുത്. വേശ്യയോട് പറ്റിച്ചേരുന്നവൻ അവളുമായി ഏകശരീരമാകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? ഇരുവരും ഒരു ദേഹമായി തീരും എന്നുണ്ടല്ലോ. കർത്താവിനോട് പറ്റിച്ചേരുന്നവനോ അവനുമായി ഏകാത്മാവാകുന്നു. ദുർന്നടപ്പ് വിട്ടോടുവിൻ. മനുഷ്യൻ ചെയ്യുന്ന ഏതു പാപവും ശരീരത്തിന്നു പുറത്താകുന്നു. ദുർന്നടപ്പുകാരനോ സ്വന്ത ശരീരത്തിന്നു വിരോധമായി പാപം ചെയ്യുന്നു. ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലെക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ നിങ്ങളുടെ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ”(1 കൊരിന്ത്യർ 6:15-20).

ജഡത്തിന്റെ പ്രവൃത്തികളിൽ പെട്ടതാണ് ദുർന്നടപ്പ്. ദുർന്നടപ്പ് ആചരിക്കുന്നവർക്ക് ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ സാധ്യമല്ല എന്ന് മുന്നറിയിച്ചിരിക്കുന്നു. അങ്ങനെയുള്ളവർക്ക് സ്വർഗത്തിൽ പ്രവേശിക്കുവാനും കഴിയുകയില്ല(ഗലാ 5:19-21). ദുർന്നടപ്പും, യാതോരു അശുദ്ധിയും, അത്യാഗ്രഹവും നിങ്ങളുടെ ഇടയിൽ പേർ

പറക പോലും അരുത്.അങ്ങനെയാകുന്നു വിശുദ്ധന്മാർക്ക് ഉചിതം( എഫെസ്യർ 5:3). ആകയാൽ ദുർന്നടപ്പ്, അശുദ്ധി, അതിരാഗം, ദുർമ്മോഹം, വിഗ്രഹാരാധനയായ അത്യാഗ്രഹം ഇങ്ങനെ ഭൂമിയിലുള്ള നിങ്ങളുടെ അവയവങ്ങളെ മരിപ്പിപ്പിൻ. ഈ വക നിമിത്തം ദൈവകോപം അനുസരണം കെട്ടവരുടെമേൽ വരുന്നു. തെസലൊനിക്യർക്ക് ലേഖനം എഴുതുമ്പോൾ പൗലൊസ് പറഞ്ഞു, "ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നെ. നിങ്ങൾ ദുർന്നടപ്പ് വിട്ടൊഴിഞ്ഞ് ഓരോരുത്തൻ ദൈവത്തെ അറിയാത്ത ജാതികളെ പോലെ കാമവികാരത്തിലല്ല, വിശുദ്ധീകരണത്തിലും മാനത്തിലും താന്താന്റെ പാത്രത്തെ നേടിക്കൊള്ളട്ടെ"(1 തെസലൊനിക്യർ 4:3).

ആകയാൽ ദൈവവചനത്തിൽ ഖണ്ഡിച്ചിരിക്കുന്നതാണ് ദുർന്നടപ്പ്. ദുർന്നടപ്പ് വിട്ടോടുവിൻ എന്നാണ് വചനം നമ്മെ പ്രബോധിപ്പിക്കുന്നത്. നമ്മിൽ ആരും അതിന് അടിമപ്പെടരുത്, അങ്ങനെ ജീവിക്കുന്നവരുമായി നമുക്ക് സംസർഗം അരുത് എന്നു മുന്നറിയിച്ചിരിക്കുന്നു. മാത്രമല്ല ദുർന്നടപ്പ് കുടുംബ ബന്ധങ്ങളെ ശിഥിലമാക്കുകയും, അതിനെ തുടർന്നു മറ്റു പല പാപങ്ങൾക്കും ആളുകൾ അധീനരാകുകയും ചെയ്യും(മത്തായി 19:9). ശരീരത്തിനെതിരായ പാപമാകയാൽ, അത് പല രോഗങ്ങളുണ്ടാകുവാനും കാരണമാകും. ആധുനിക വൈദ്യശാസ്ത്രത്തിനു പോലും സൗഖ്യമാക്കുവാൻ സാധ്യമല്ലാത്ത ചില രോഗങ്ങളും പകരുവാനിടയുണ്ട്. നിർമ്മലവും, വിശുദ്ധവുമായ ജീവിതം നയിക്കുവാനാണ് നമ്മോട് പറഞ്ഞിട്ടുള്ളത്.

ക്രിസ്ത്യാനികളായവർ ക്രിസ്തുവിന്റെ നാമം ദുഷിക്കപ്പെടാതെ നോക്കണം. ധാർമ്മികത ഏറ്റവും ആവശ്യപ്പെടുന്നത് ക്രിസ്ത്യാനിത്വത്തിലാണെന്ന കാര്യം മറക്കരുത്. ശരീരത്തെയും, മനസിനെയും, ആത്മാവിനേയും ബാധിക്കുന്ന ഒരു പാപവും വരാതെ നാം നമ്മത്തന്നെ സൂക്ഷിക്കണം. ദുർന്നടപ്പ് ഒഴിവാക്കുവാൻ വചനം പറയുന്നതുപോലെ ഓരോ പുരുഷന്നും ഓരോ സ്ത്രീ. ഓരോ സ്ത്രീക്കും ഓരോ പുരുഷൻ എന്ന ദൈവനിയമം എല്ലാവർക്കും അനുകരിക്കാവുന്നതാണ്. സകല അശുദ്ധിയും നമ്മെ വിട്ട് ഒഴിഞ്ഞുപോകുവാൻ നാം തീരുമാനിക്കണം.

# സ്നാനത്തിന്റെ ആവശ്യം

## സ്റ്റീഫൻ ഫ്ലാറ്റ്

ദൈവത്തിന്റെ രക്ഷാപദ്ധതിയെ പല രീതിയിലും ഭാവത്തിലും മനുഷ്യരെക്കൊണ്ട് പിശാച് മാറ്റം വരുത്തിക്കൊണ്ടിരിക്കുന്നത് വാസ്തവമാണ്. ക്രിസ്ത്യാനിത്വത്തെ സ്വീകരിച്ചിരിക്കുന്ന പല ആളുകളിലും സ്നാനത്തെ സംബന്ധിച്ച് ചില മുൻവിധികളുണ്ട്. ചില ആളുകൾ സ്നാനത്തിന് അമിത പ്രാധാന്യം കൊടുക്കുകയും, എന്നാൽ സ്നാനത്താൽ യേശു മൂലം ദൈവം നൽകുന്ന കൃപയെ കണ്ടില്ലെന്നു നടിക്കുകയും ചെയ്യും. സ്നാനം എന്നത് ദൈവമുൻപാകെ നിൽക്കേണ്ടതും, വിശ്വാസത്തോട് ചേർക്കേണ്ടതുമായ നീതി പ്രവൃത്തിയായി കാണുന്നു എന്നതാണ് മറ്റൊരു വൈരുദ്ധ്യം. ആ മുൻവിധിക്കൊന്നും തിരുവെഴുത്തിൽ യാതൊരു സ്ഥാനവുമില്ല എന്നതാണ് യാഥാർത്ഥ്യം. സ്നാനത്തെ കുറിച്ച് ബൈബിൾ എന്തു പറയുന്നു എന്നതാണ് മുഖ്യമായ കാര്യം. ദൈവം സ്നാനത്തെ കുറിച്ചു നാം അറിയുവാൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ തിരുവെഴുത്തിൽ പല ഭാഗങ്ങളിലായി കൊടുത്തിരിക്കുന്നു. അവയാണ് നാം പരിശോധിക്കേണ്ടത്.

**മത്തായി 28:19–20:**"ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റേയും പുത്രന്റേയും, പരിശുദ്ധാത്മാവിന്റേയും നാമത്തിൽ സ്നാനം കഴിപ്പിച്ചും, ഞാൻ നിങ്ങളോട് കൽപിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ട് സകല ജാതികളേയും ശിഷ്യരാക്കികൊൾവിൻ. ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ട് എന്ന് അരുളിച്ചെയ്തു."

ശിഷ്യത്വരൂപീകരണത്തിൽ പ്രധാനപ്പെട്ട ഭാഗം സ്നാനത്തിനുണ്ട് എന്ന് ഈ വേദഭാഗം വ്യക്തമാക്കുന്നു. അതിൽ അന്തർലീനമാക്കിയിരിക്കുന്ന "നാമത്തിൽ" എന്നത് ബാങ്കിങ്ങിലെ പ്രയോഗമായ ഒരാളുടെ കണക്കിൽനിന്നു മറ്റൊരാളുടെ കണക്കിലേക്ക് മാറ്റുന്നതിനെയാണ് സൂചിപ്പിക്കുന്നത്. ഒരാൾ സ്നാനം ഏൽക്കുമ്പോൾ ആ പുരുഷൻ അല്ലെങ്കിൽ സ്ത്രീ മറ്റൊരു നടത്തിപ്പുകാരന്റെ കീഴിലാകുക

യാണ്. പിതാവിന്റേയും, പുത്രന്റേയും, പരിശുദ്ധാത്മാവിന്റേയും നാമത്തിൽ സ്നാനം ഏൽക്കുമ്പോൾ, സ്നാനം ഏൽക്കുന്നയാൾ പുതിയ ബന്ധത്തിലേക്ക്, അഥവാ പുതിയ ഉടമസ്ഥാവകാശത്തിലേക്ക് മാറുന്നു.

**മർക്കൊസ് 16:15–16:**"പിന്നെ അവൻ അവരോട്, നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കയും സ്നാനം ഏൽക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും."

ഈ വേദഭാഗത്തിലെ വിശ്വാസവും സ്നാനവും തമ്മിലുള്ള ബന്ധം ശ്രദ്ധിക്കുക. ഈ വേദഭാഗം എടുത്ത് വിശ്വാസത്തിന് കൂടുതൽ പ്രാധാന്യമുണ്ടെന്നോ, സ്നാനത്തിനു കുറച്ചു പ്രാധാന്യമാണുള്ളതെന്നോ പറയുവാൻ സാധ്യമല്ല. വിശ്വാസത്തിൽനിന്നു സ്നാനത്തെയോ സ്നാനത്തിൽനിന്നു വിശ്വാസത്തെയോ മാറ്റി നിർത്തുവാൻ കഴിയുകയില്ല. വിശ്വസിക്കാത്ത മനുഷ്യൻ സ്നാനപ്പെടുവാൻ കൂട്ടാക്കുകയില്ല. സ്നാനപ്പെടാതെ ഒരാൾ വിശ്വാസിയാണെന്ന് അവകാശപ്പെടുന്നതിൽ അർത്ഥമില്ല. കാരണം യഥാർത്ഥവിശ്വാസമുള്ള വ്യക്തി കർത്താവിന്റെ കൽപനയായ സ്നാനത്തെ നിഷേധിക്കുകയില്ല. സ്നാനം എന്നത് വിശ്വാസ പ്രകടനമാണ്. അതുകൊണ്ടാണ് തിരുവെഴുത്തിൽ അവ രണ്ടും ചേർത്തു പറഞ്ഞിരിക്കുന്നത്.

**യോഹന്നാൻ 3:3–5:**"മറുപടിയായി യേശു പറഞ്ഞു, ആമേൻ ആമേൻ ഞാൻ നിന്നോട് പറയുന്നു, പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാൺമാൻ ആർക്കും കഴിയുകയില്ല എന്നു ഉത്തരം പറഞ്ഞു. നിക്കൊദേമോസ് അവനോട്, മനുഷ്യൻ വൃദ്ധനായ ശേഷം ജനിക്കുന്നത് എങ്ങനെ? രണ്ടാമതും അമ്മയുടെ ഉദരത്തിൽ കടന്നു ജനിക്കാമോ എന്നു ചോദിച്ചു. അതിന്നു യേശു, ആമേൻ ആമേൻ ഞാൻ നിന്നോട് പറയുന്നു, വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴിയുകയില്ല."

സ്നാനം പരിശുദ്ധാത്മാവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ് സ്നാനത്തിന്റെ മറ്റൊരു പ്രത്യേകത(മത്തായി 3:16; പ്രവൃത്തികൾ 2:38). യേശു വന്നത് ഒരു ചെറിയ മതം സ്ഥാപിക്കുവാനായിരു

ന്നില്ല, മറിച്ച് അവൻ ഒരു പുതിയ ജീവിതമായിരുന്നു കൊണ്ടുവന്നത്. ദൈവത്തോട് ബന്ധപ്പെടുന്നവർക്ക് ക്രിസ്തു ഒരു പുതിയ ജീവിതവഴി നൽകുന്നു എന്നതാണ് ഈ വേദഭാഗം വ്യക്തമാക്കുന്നത്. സ്നാനം എന്നത് വെള്ളത്താലും ആത്മാവിനാലും ഉള്ള ജനനമാണെന്ന് വിശ്വസിക്കുവാനുള്ള കാരണം മനസിലാക്കുവാൻ പുതിയ നിയമത്തിലെ മറ്റു വേദഭാഗങ്ങൾ ചിലത് നോക്കുക.

**പ്രവൃത്തികൾ 2:38:**"പത്രൊസ് അവരോട്, നിങ്ങൾ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽപിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം നിങ്ങൾക്ക് ലഭിക്കും."

ഈ വേദഭാഗത്തിൽ വ്യക്തമാക്കുന്ന വസ്തുത എന്തെന്നാൽ ക്രിസ്തുവിന്റെ അധികാരത്തിൽ അവന്റെ കൽപനയായ സ്നാനം ഏൽക്കുമ്പോൾ പരിശുദ്ധാത്മാവ് ലഭിക്കുന്നു. ജനനം മുതൽ ആത്മാവിന്റെ സഹായം ഏതൊരു വ്യക്തിക്കും ആവശ്യമാണ്. വീണ്ടും ജനനം മുതൽ ഈ ലോക ജീവിതാവസാനം വരെ നമ്മുടെ ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത പ്രാധാന്യമാണ് ആത്മാവിനുള്ളത്.

സ്നാനത്തെ വിമർശിക്കുന്നവർക്ക് ഈ വാക്യം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. കാരണം ഇവിടെ പാപമോചനത്തിനായി എന്ന് എടുത്തു പറഞ്ഞിരിക്കുന്നു. പാപം ക്ഷമിച്ചു കിട്ടുവാൻ ആരാണ് ആഗ്രഹിക്കാത്തത്? ലോകമെങ്ങുമുള്ള മനുഷ്യർ എത്രയോ പേർ തങ്ങളുടെ പാപപരിഹാരത്തിനായി എന്തെല്ലാം ചെയ്യുന്നു! പക്ഷെ അവയ്ക്കൊന്നിനും ശരിയായ പ്രതിവിധി ലഭിക്കുന്നുമില്ല. ദൈവം മനുഷ്യർക്കായി ഒരുക്കിയ പാപത്തിനുള്ള ഏക പരിഹാരമാണ് മനുഷ്യർ സ്വീകരിക്കേണ്ടത്. അതുകൊണ്ട് സ്നാനം രക്ഷക്കല്ല എന്നു പറയുന്നവർക്ക് തക്കതായ മറുപടിയാണ് ഈ വേദഭാഗം നൽകുന്നത്. രക്ഷിക്കപ്പെട്ടവർക്കല്ല സ്നാനത്തിന്റെ ആവശ്യം, വിശ്വസിച്ച് മാനസാന്തരപ്പെടുന്ന പാപിക്കാണ്. തിരുവെഴുത്തിനെ കോട്ടി മറിച്ച് ആളുകൾ അതിന്റെ ശക്തിയെ ത്യജിച്ചുകളയുകയാണ്. പാപത്തെ കുറിച്ച് ബോധ്യമുള്ളവർക്കാണ് സ്നാനമെന്ന വസ്തുതയും ഈ ഭാഗത്ത് അന്തർലീനമാക്കിയിരിക്കുന്നു. പത്രൊസിന്റെ പ്രസംഗം കേട്ട ജനങ്ങളിൽ ചിലർ ചോദിച്ചു, "സഹോദരന്മാരായ പുരുഷന്മാരേ ഞങ്ങൾ എന്തു ചെയ്യേണ്ടു?"

**റോമർ 6:3, 4:**"അല്ല, യേശുക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായി തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു. ക്രിസ്തു മരിച്ചിട്ട് പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നെ."

സ്നാനം എന്ന വാക്കിന്റെ അർത്ഥം "മുങ്ങൽ" അല്ലെങ്കിൽ "നിമഞ്ജനം" എന്നാണ്. സുവിശേഷത്തോട് ആളുകൾ പ്രതികരിക്കുന്നതിന് ദൈവം വെച്ചിരിക്കുന്ന ഘടനകളിൽ ഒന്നാണിത്. നാം സ്നാനപ്പെടുമ്പോൾ, ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയോട് ചേരുകയണ്. ക്രിസ്തു മരിച്ചപ്പോൾ ജഡമായിരുന്നു മരിച്ചത്. അടക്കപ്പെട്ടത് മരിച്ച ശരീരവുമായിരുന്നു. പക്ഷെ ഉയർത്തെഴുന്നേറ്റത് പുതിയ ശരീരവുമായിട്ടായിരുന്നു. യേശുവിന്റെ ആ പ്രവൃത്തി ദൈവസന്നിധിയിൽ പ്രസാദകരമായി തീർന്നിരുന്നു. ഒരിക്കൽ മാത്രം സംഭവിക്കേണ്ടതും അതിന്റെ ഫലം എന്നേക്കുമുള്ളതായി തീരുകയും ചെയ്തു. അതു പാപമോചനത്തിനു വേണ്ടിയായിരുന്നു. നാമും പാപമോചനത്തിനു വേണ്ടിയാണ് സ്നാനം ഏൽക്കുന്നത്.

ക്രിസ്തുവിന്റെ മരണത്തോട് ഏകീഭവിക്കുവാൻ ആഗ്രഹിക്കുന്നവർ പാപശരീരത്തെ മരിപ്പിക്കണം. പാപസ്വഭാവമുള്ള ജഡത്തെ നാം ക്രൂശിക്കണം. അതിനുശേഷം ആ ശരീരത്തെ വെള്ളമാകുന്ന കല്ലറയിൽ അടക്കം ചെയ്യണം. അതാണ് മാനസാന്തരം എന്നു പറയുന്നത്. പഴയ പാപവഴി മാറ്റി ദൈവവഴിയിലേക്ക് തിരിയാമെന്ന ഉറച്ച തീരുമാനം എടുക്കണം. എങ്കിൽ മാത്രമെ വെള്ളത്തിൽനിന്നു കയറുമ്പോൾ ഒരു പുതിയ മനുഷ്യനായി തീരുകയുള്ളു. അതായത് നമ്മുടെ ഉള്ളിലെ മനുഷ്യന് പുതുക്കം സംഭവിക്കണം എന്നർത്ഥം. ഏതു പഴക്കം ചെന്ന പാപം പോലും കഴുകി കളയുവാൻ പര്യാപ്തമായതാണ് യേശുവിന്റെ രക്തം. രക്തം കൂടാതെ വിമോചനമില്ല എന്ന ദൈവത്തിന്റെ നിയമം പ്രവർത്തിക്കുന്നത് തിരുവെഴുത്തനുസരിച്ചുള്ള സ്നാനത്തിലാണ്. രൂപാന്തരം മനുഷ്യരുടെ ഉള്ളിലും, പാപമോചനം ദൈവമനസിലുമാണ് സംഭവിക്കുന്നത്. പ്രായപൂർത്തിയെത്തിയ നന്മയും തിന്മയും വിവേചിക്കുവാൻ കഴി

വുള്ള ഏതൊരാൾക്കും പാപമോചനം ആവശ്യമാണ്.

**1 കൊരിന്ത്യർ 1:13-15:**"ക്രിസ്തു വിഭാഗിക്കപ്പെട്ടിരിക്കുന്നുവോ? പൗലൊസ് നിങ്ങൾക്ക് വേണ്ടി ക്രൂശിക്കപ്പെട്ടുവോ? അല്ല, പൗലൊസിന്റെ നാമത്തിൽ നിങ്ങൾ സ്നാനം ഏറ്റുവോ? എന്റെ നാമത്തിൽ ഞാൻ സ്നാനം കഴിപ്പിച്ചു എന്നു ആരും പറയാതവണ്ണം ക്രിസ്പൊസിനേയും ഗായോസിനേയും ഒഴികെ നിങ്ങളിൽ ആരെയും ഞാൻ സ്നാനം കഴിപ്പിക്കായ്കയാൽ ഞാൻ ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു."

ഈ വേദഭാഗം പലരും തെറ്റിദ്ധരിക്കയും മറ്റുള്ളവരെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്നതിനിടയാക്കിയിട്ടുണ്ട്. സ്നാനപ്പെടാതിരിക്കുവാൻ ചിലർ കാരണങ്ങൾ കണ്ടെത്തുന്നത് ബൈബിളിലെ ഇതുപോലെയുള്ള ചില വാക്യങ്ങളെയാണ്. എന്നാൽ സ്നാനം ആവശ്യമില്ല എന്ന് വേദഭാഗത്തിൽ ഒരിടത്തും പറഞ്ഞിട്ടില്ല. അതിനെതിരായി സ്നാനം ഏതൊരു പാപിക്കും ഒഴിച്ചുകൂടാനാവാത്ത കൽപനയായിട്ടാണ് ബൈബിൾ പഠിപ്പിക്കുന്നത്. ഈ സന്ദർഭം പറയുന്നത് ചില ആളുകൾ അപ്പൊസ്തലന്മാരുടെയും സുവിശേഷകന്മാരുടേയും പേരിൽ അറിയപ്പെടുവാൻ തുടങ്ങിയപ്പോൾ സഭയിൽ ഭിന്ന ഗ്രൂപ്പുകൾക്ക് കാരണമായി. സഭയിൽ ഭിന്നിപ്പുണ്ടാകുന്നത് ദൈവം വെറുക്കുന്ന പ്രവൃത്തിയാണ്. ഐക്യതയാണ് ദൈവത്തിന് ഇഷ്ടം. സ്നാനം കഴിപ്പിപ്പാനല്ല, സുവിശേഷം അറിയിപ്പാനത്രേ എന്നെ അയച്ചതു എന്ന പ്രസ്താവനയും ചില സ്നാന വിരുദ്ധരായ ആളുകൾ എടുത്ത് ഉദ്ധരിക്കാറുണ്ട്. അവിടെ പറഞ്ഞതിനർത്ഥം ദൈവം അവനെ അയച്ചതായ ഉദ്ദേശമാണ് വ്യക്തമാക്കുന്നത്.

നിങ്ങളെ ആർ സ്നാനപ്പെടുത്തുന്നു എന്നതിനല്ല പ്രാധാന്യം, മറിച്ച് എന്തിനുവേണ്ടിയാണ് സ്നാനപ്പെടുന്നത് എന്നതിനാണ് പ്രത്യേകത. ക്രിസ്തുവാണ് നിങ്ങൾക്ക് വേണ്ടി മരിച്ചതും, ഉയർത്തെഴുന്നേറ്റതും സ്വർഗാരോഹണം ചെയ്തതും. അപ്പോൾ ക്രിസ്തുവിനോടു ചേരുവാനായിരിക്കണം സ്നാനം ഏൽക്കേണ്ടത്. കാരണം മനുഷ്യർക്ക് രക്ഷകനായും മദ്ധ്യസ്ഥനായും യേശു മാത്രമാണുള്ളത്. ക്രിസ്തുവിന്റെ ശിഷ്യന്മാരായി തീരുവാൻ അവന്റെ ശബ്ദം കേട്ട് അവനെ പിൻപറ്റണം. സ്നാനത്തിന്റെ യഥാർത്ഥ അർത്ഥവും ഉദ്ദേശവും മനസിലാക്കി എടുക്കുമ്പോഴാണ് അതിന്റെ ശരിയായ

ഫലം നമുക്ക് ലഭിക്കുന്നത്.

1 കൊരിന്ത്യർ 12:13:"യെഹൂദന്മാരോ, യവനന്മാരോ, ദാസന്മാരോ, സ്വതന്ത്രരോ നാം എല്ലാവരും ഏകശരീരമാകുമാറ് ഒരേ ആത്മാവിൽ സ്നാനം ഏറ്റും, എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്തുമിരിക്കുന്നു."

**കർത്താവിന്റെ സഭയിലേക്കുള്ള അംഗത്വത്തിനായുമാണ്** സ്നാനം. ആ വേദഭാഗത്തിൽ പറഞ്ഞിരിക്കുന്ന ഏക ശരീരം സഭയാണ്. സഭ ക്രിസ്തുവിന്റേതാണ്. അവന്റെ ആത്മിയ ശരീരമാകുന്ന സഭയോട് ചേരുവാൻ കൂടെയാണ് നാം സ്നാനം ഏൽക്കുന്നത്. പള്ളിയിൽ ചേരുക എന്ന പ്രസ്താവന ലോകത്തിൽ ഉള്ളതാണ്. പക്ഷെ കർത്താവിന്റെ സഭയുടെ പ്രത്യേകത എന്തെന്നാൽ, സഭയോട് രക്ഷിക്കപ്പെടുന്നവരെ ചേർക്കുകയാണ് ചെയ്യുന്നത്(പ്രവൃത്തികൾ 2:47). ദൈവത്തിന്റെ വിശുദ്ധ സ്ഥാപനമായ സഭ, വിശുദ്ധീകരിക്കപ്പെട്ടവർക്കുള്ളതാണ്.

**ഗലാത്യർ 3:26, 27:**"ക്രിസ്തുവേശുവിലെ വിശ്വാസത്താൽ നിങ്ങളെല്ലാവരും ദൈവത്തിന്റെ മക്കളൊകുന്നു. ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു."

സൽപ്രവൃത്തികളാൽ ലഭിക്കുന്ന ഒന്നല്ല ദൈവിക രക്ഷ. അങ്ങനെ സാധ്യമാകുമെങ്കിൽ ക്രിസ്തു മരിക്കേണ്ട ആവശ്യം വരുന്നില്ലല്ലൊ. രക്ഷ ദൈവത്തിന്റെ ദാനമാണ്. ആ ദാനം സ്വീകരിക്കുവാൻ അവൻ ചില നിബന്ധനകൾ വെച്ചിരിക്കുന്നു. നാം അത് സൗമ്യതയോടെ പാലിക്കുമ്പോൾ അവൻ നമ്മുടെ പാപങ്ങൾക്ക് തക്ക ശിക്ഷ നൽകാതെ നമ്മെ രക്ഷിക്കുന്നു. ഇതാണ് ദൈവത്തിന്റെ പദ്ധതി. സ്നാനത്താൽ ക്രിസ്തുവിനോട് ചേരുന്നവർ ക്രിസ്തുവിനെ ധരിക്കുകയാണ്. അതായത് നാം ക്രിസ്തുവിന്റെ ഭാവം ആണ് സ്നാനശേഷം ധരിക്കേണ്ടത്. നമ്മുടെ മനോഭാവത്തെ മാറ്റി ക്രിസ്തുവിന്റെ മനോഭാവത്തോട് അനുരൂപരാകണം. എങ്കിൽ മാത്രമെ നമ്മുടെ ആന്തരിക മനഷ്യന് മാറ്റം വരികയുള്ളു. മറ്റൊരു ഭാഗത്ത് പറയുന്നത് നാം ദിവ്യസ്വഭാവത്തിനു കൂട്ടാളികളാകണമെന്നാണ്. മാനുഷിക സ്വഭാവത്തിൽനിന്നു ദൈവിക സ്വഭാവത്തിലേക്കുള്ള മാറ്റം ഉണ്ടാകണം. ഇതാണ് ദൈവം ഉദ്ദേശിച്ചിട്ടുള്ളത്.

**എഫെസ്യർ 4:4-6:**"നിങ്ങളെ വിളിച്ചപ്പോൾ ഏക പ്രത്യാശക്കായി നിങ്ങളെ വിളിച്ചതുപോലെ ശരീരം ഒന്ന്, ആത്മാവ് ഒന്ന്, കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്, എല്ലാവർക്കും മീതെയുള്ളവനും എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും, എല്ലാവരിലും ഇരിക്കുന്നവനുമായി എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ."

യേശുക്രിസ്തുവിലും ബൈബിളിലും വിശ്വസിക്കുന്ന കോടിക്കണക്കിന് ആളുകൾ ഭിന്നിക്കപ്പെട്ടിരിക്കുന്നു എന്നു പറയുമ്പോൾ അത് വിരോധാഭാസമായി തോന്നിയേക്കാം. എങ്കിലും അത് സത്യമാണ്. പല കാരണങ്ങൾ കൊണ്ട് ആളുകൾ ഭിന്നിക്കപ്പെട്ടിരിക്കുന്നു. അനൈക്യം ബലഹീനതയെയാണ് കാണിക്കുന്നത്. മറിച്ച് ഐക്യതയാണ് ശക്തി. നമ്മെ ക്രിസ്തുവിനോടും അവന്റെ സഭയോടും യോജിപ്പിച്ച് നിർത്തുന്നതാണ് സ്നാനം. പക്ഷെ ആ സ്നാനം ആളുകൾ വിവിധ രീതിയിൽ കൊടുക്കുമ്പോൾ അതിന്റെ ശക്തി ക്ഷയിക്കുകയാണ്.

സ്നാനം അത്യാവശ്യമാണ്, അത് തിരഞ്ഞെടുക്കാവുന്നതല്ല. വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ സ്വർഗരാജ്യത്തിൽ കടപ്പാൻ ആർക്കും സാധ്യമല്ല. പുതിയ ജീവിതത്തിലേക്കുള്ള തുടക്കമാണ് സ്നാനം. മാനുഷിക നിലവാരത്തിൽനിന്നു ദൈവിക നിലവാരത്തിലേക്ക് ഉയർത്തുന്നതാണ് സ്നാനം. മാനുഷിക ചിന്തക്കും മാനുഷിക കൽപനക്കും വിരാമമിടുന്നതാണ് ആ അനുസരണ പ്രക്രിയ. ഒരു പുതിയ ശൈലിയല്ല നമുക്ക് ആവശ്യം. പിന്നെയോ പുതിയ ആത്മിയ ജീവിതമാണ്. അത് സ്നാനശേഷമാണ് ലഭിക്കുന്നത്. വിശ്വാസം പ്രകടിപ്പിക്കുവാൻ ദൈവം കൽപിച്ചിരിക്കുന്നതാണ് സ്നാനം.

ദൈവത്തിന്റെ കൃപയും ശക്തിയും അനുഭവിക്കുവാൻ കഴിയുന്നത് ദൈവനിയമം അങ്ങനെ തന്നെ അനുസരിക്കുമ്പോഴാണ്. ദൈവത്തിന്റെ ആജ്ഞകൾ നിസാരമെന്ന് തോന്നിയേക്കാം. പക്ഷെ അതിന്റെ ഫലം വളരെ വലുതാണ്. അതുകൊണ്ട് ദൈവം നമുക്കായി നൽകിയിരിക്കുന്ന എല്ലാ കൽപനകളും അനുസരിക്കുക.

★

# സ്നാനത്തിന്റെ ഗുണങ്ങൾ

## ജെഫ് കെൻകിൻ

ദുഷ്ക്കീർത്തി നേടി ഭരണം നടത്തിക്കൊണ്ടിരുന്ന ചക്രവർത്തിയായിരുന്നു നീറോ. അയാളുടെ വാഴ്ച്ചക്കാലത്ത് റോമിൽ ഒരു ക്ഷാമം നേരിട്ടു. പട്ടിണി കിടന്ന നിരവധി ആളുകൾ അക്കാലത്ത് കടൽത്തീരത്തെ തുറമുഖത്ത് കപ്പൽ ആഹാരസാധനങ്ങളുമായി വരുന്നത് കാത്ത് നിന്നിരുന്നു. കപ്പലുകൾ ഒന്നൊന്നായി വന്നും പോയുമിരുന്നപ്പോൾ അവർ ഒരു പരമാർത്ഥം മനസിലാക്കി. ആ കപ്പലുകൾക്കെല്ലാം മണൽ കൊണ്ടുവരുവാനായിരുന്നു നീറോ കൽപന പുറപ്പെടുവിച്ചിരുന്നത്. കെട്ടിട നിർമ്മാണ പ്രക്രിയ ത്വരിതഗതിയിൽ നടക്കുന്നു. പക്ഷെ സാധാരണക്കാരായ ആളുകളുടെ ആവശ്യങ്ങൾ ചക്രവർത്തി നിറവേറ്റുവാൻ തയ്യാറായിരുന്നില്ല.

ഈ വിവരം ലഭിച്ചപ്പോൾ കപ്പലുടമകളിൽ ഒരാൾ തന്റെ കപ്പൽ ജോലിക്കാരോട് പറഞ്ഞു, "ആളുകൾ പട്ടിണി കിടന്നു മരിച്ചുകൊണ്ടിരിക്കുന്നതിനാൽ, ഇന്നു മുതൽ എന്റെ കപ്പലിൽ ഒരു തരി പോലും മണൽ കയറ്റാതെ കോതമ്പും പാൽപൊടിയും എണ്ണയും മാത്രം കയറ്റി കൊണ്ടുവന്നാൽ മതി" എന്ന ആജ്ഞ കൊടുത്തു. നാം ജീവിക്കുന്ന ഈ കാലയളവിൽ ആളുകൾ ആത്മിയമായി പട്ടിണി കിടക്കുകയാണ്. എന്നാൽ അവർ ജീവന്റെ അപ്പത്തിനായി സമീപിക്കുമ്പോൾ കാണുന്നത് കല്ലും മണലുമായ കഴിക്കുവാൻ നിർവ്വാഹമില്ലാത്തവയാണ് കാണുന്നത്. നിങ്ങൾ താമസിക്കുന്നത് പട്ടണത്തിലായാലും, ഗ്രാമത്തിലായാലും, നാട്ടിൻപുറത്തായാലും, ജനങ്ങളുടെ ഒഴിച്ചുകൂടാനാവാത്ത ആവശ്യം ക്രിസ്തുവാണ്. പഴയനിയമകാലത്ത് ആളുകൾ എന്തു ചെയ്യണമെന്നറിയാതെ ഉഴന്നു നടന്ന സമയമുണ്ടായിരുന്നു.

നാം ദൈവജ്ഞാനത്തിന്റെ അടിസ്ഥാനമനുസരിച്ച് തീരുമാനമെടുക്കുവാൻ തയ്യാറായി നിൽക്കുന്ന എസ്രയേപോലെയാകണം(എസ്രാ 7:14). കാരണം ഉറപ്പുള്ള അടിസ്ഥാനമായിരിക്കണം നമ്മുടെ ജീവിതത്തിന് വേണ്ടത്. ആളുകൾ തങ്ങളുടെ ജീവിത ക്രമീകരണത്തിന് ഏതു കാലത്തും ദൈവിക പരിജ്ഞാനമാണ് ആവശ്യം. ഏതൊരു മനുഷ്യനേയും ജീവിപ്പിക്കുന്നത് വചനമാണ്.

സ്നാനപ്പെടുന്നവർക്ക് ആദ്യമായി ലഭിക്കുന്ന പ്രയോജനം പാപങ്ങളിൽനിന്നുള്ള മോചനമാണ്. പൗലൊസ് പറഞ്ഞു, "സകല മനുഷ്യരും പാപം ചെയ്തു ദൈവതേജസ് ഇല്ലാത്തവരായി തീർന്നു"(റോമർ 3:23). മനുഷരെല്ലാം പാപികളാണെന്ന സത്യം ബൈബിൾ വ്യക്തമാക്കുന്നു. നിയമലംഘനമാണ് പാപം. പത്രൊസിന്റെ ആദ്യ സുവിശേഷപ്രസംഗം കേട്ട ആളുകൾ, പാപബോധം വന്നപ്പോൾ തങ്ങൾ എന്തു ചെയ്യണമെന്ന് ചോദിച്ചതിന്, പത്രൊസ് പറഞ്ഞു, "നിങ്ങൾ മാനസാന്തരപ്പെട്ട് ഓരോരുത്തൻ താന്താങ്ങളുടെ പാപമോചനത്തിനായി സ്നാനം ഏൽപിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും."(പ്രവൃത്തികൾ 2:38). പാപസംബന്ധമായി മരിച്ചവനാണ് പാപത്തിൽനിന്നു സ്വാതന്ത്ര്യം പ്രാപിക്കുന്നത്. പാപങ്ങൾ കഴുകികളയുന്നത് ക്രിസ്തുവിന്റെ രക്തമാണ്. ക്രിസ്തുവിന്റെ യാഗത്തോട് ബന്ധപ്പെടുന്നവർക്കാണ് ആ ഗുണം ലഭിക്കുന്നത്.

നാം സ്നാനം ഏൽക്കുമ്പോൾ പാപത്തിന്റെ കുറ്റത്തിൽനിന്നു നമ്മെ വീണ്ടെടുക്കുകയാണ് ചെയ്യുന്നത്. കുറ്റബാധിതരായ വ്യക്തികളുടെ ഹൃദയവും ജീവിതവും നാശത്തിന്റെ വക്കിലാണ് എന്നു പറയാം. ദാവീദ് പാപം ചെയ്തപ്പോഴാണ് ആ കുറ്റത്തിന്റെ ആഴം മനസിലായത്. അവന്റെ ഹൃദയം ഭാരപ്പെടുവാനിടയായത്. സങ്കീർത്തനങ്ങൾ 51 ൽ അവൻ ദൈവത്തോട് അപേക്ഷിക്കുകയും അവനോട് ക്ഷമിക്കയും ചെയ്തപ്പോൾ അവന് ദൈവത്തിൽനിന്നും ആശ്വാസം ലഭിച്ചു. പാപക്ഷമാപണത്തിന്റെ പ്രത്യേകത അതാണ്. നാം ചെയ്ത തെറ്റുകൾ പോക്കി അവൻ നമ്മുടെ സകല ലംഘനങ്ങളും ക്ഷമിക്കും. പക്ഷെ അവന്റെ നിബന്ധനകൾക്ക് വിധേയമായിട്ടുമാത്രം(എബ്രായർ 9:14). ഒരു നല്ല മനസാക്ഷി നമുക്ക് ആവശ്യമാണ്. അതിനുള്ള അപേക്ഷയായിട്ടാണ് സ്നാനം നൽകിയിരിക്കുന്നത് (1 പത്രൊസ് 3:21). പാപത്തിന്റെ കുറ്റത്താൽ കലങ്ങി മറിഞ്ഞ മനസുമായി ജീവിക്കുന്ന ഹതഭാഗ്യരെ സഹായിക്കുവാൻ നിങ്ങൾ ഒരുക്കമാണെങ്കിൽ, അതിന് ക്രിസ്തുവിന്റെ സുവിശേഷം അനുസരിക്കുകയല്ലാതെ മറ്റു വഴികളൊന്നുമില്ല. കാരണം പാപമോചനത്തിന് ഇന്ന് മറ്റൊരു മാർഗവും ദൈവം വെച്ചിട്ടില്ല എന്നതാണ് സത്യം.

✶

# ദുഃഖവും ദുരന്തവും നിറഞ്ഞ അവസ്ഥ

## യാർബ്രോലെയ്

ശോകം എന്നതു ലോകത്തിൽ പൊതുവായി കാണപ്പെടുന്ന ഒന്നാണ്. നമ്മളുമായി ഏറ്റവും അടുത്ത ഒരാൾക്കു നേരിടുമ്പോഴും അതു നമുക്കു ദുഖം വരുത്തും. നാം അതിനു മുമ്പ് എത്ര തന്നെ നന്മ അനുഭവിച്ചു സന്തോഷം കൈവരിച്ചാലും അതിനെയെല്ലാം നിഷ്പ്രഭമാക്കുന്ന ഒന്നാണ് വേദന. സാധാരണ ജീവിതത്തിൽ ഈ ദുഃഖം വർദ്ധിച്ചു വരികയാണ്. എന്നാൽ നമുക്കിടയിൽ ഉണ്ടായി കൊണ്ടിരിക്കുന്ന ഈ ദുരിതത്തെ ശ്രദ്ധിക്കാതെ വിട്ടു കളയുകയാണ് പതിവ്. ഒന്നിനോടൊന്നു താരതമ്യം ചെയ്താൽ അടിക്കടി സംഭവിച്ചുകൊണ്ടിരിക്കുന്ന വിപത്തുകൾ വളർന്നു കൊണ്ടിരിക്കുന്നു എന്നു കാണാം. ചെറിയ തോതിൽ ആരംഭിക്കുകയും പിന്നീട് മൂർദ്ധന്യാവസ്ഥയിലെത്തുകയും ചെയ്യുന്നു. നിങ്ങളും ഞാനും അഭിമുഖീകരിക്കുന്ന ഒരു പരമാർത്ഥത്തിലേക്കാണ് നാം എത്തി നോക്കുന്നത്.

ഏതു തരത്തിലുള്ള ദുഃഖത്തെയാണ് ഞാൻ ഇവിടെ എഴുതുന്നതു എന്നു നിങ്ങൾ ചിന്തിച്ചേക്കാം. ഏതാണ്ട് 2700 വർഷങ്ങൾക്കു മുമ്പ് ജീവിച്ചിരുന്ന പ്രവാചകനായ യെശയ്യാവിൽ കൂടെ നല്കപ്പെട്ട സത്യമാണ് അതു. അദ്ദേഹത്തിന്റെ പ്രസ്താവനയിലേക്കു നമുക്കു തിരിയാം.

"അനന്തരം ഞാൻ ആരെ അയക്കേണ്ടു? ആർ നമുക്കുവേണ്ടി പോകും? എന്നു ചോദിക്കുന്ന കർത്താവിന്റെ ശബ്ദം കേട്ടിട്ടു: അടിയൻ ഇതാ അടിയനെ അയക്കേണമെ എന്നു ഞാൻ പറഞ്ഞു. അപ്പോൾ അവൻ അരുളിച്ചെയ്തതു നീ ചെന്നു, ഈ ജനത്തോടു പറയേണ്ടതു: നിങ്ങൾ കേട്ടുകൊണ്ടിട്ടും തിരിച്ചറികയില്ല; നിങ്ങൾ കണ്ടുകൊണ്ടിട്ടും ഗ്രഹിക്കയുമില്ല. ഈ ജനം കണ്ണുകൊണ്ടു കാണുകയോ ചെവികൊണ്ടു കേൾക്കയോ ഹൃദയം കൊണ്ടു ഗ്രഹിക്കയോ മനസു തിരിഞ്ഞ് സൗഖ്യം പ്രാപിക്കയോ ചെയ്യാതെ ഇരിക്കേണ്ടതിനു നീ അവരുടെ ഹൃദയം തടിപ്പിക്കയും അവരുടെ ചെവി മന്ദമാക്കുകയും അവരുടെ കണ്ണ് അടച്ചു കളകയും ചെയ്ക" (യെശയ്യാവ് 6:8-10). ദൈവത്തിൽ നിന്നു അകന്നു പോയവർക്കു നേരി

ടുന്ന ശോക പര്യവസാനമാണ് മുകളിൽ പറഞ്ഞതു.

നമ്മുടെ ഓരോരുത്തരുടേയും മനസും ഹൃദയവും ദൈവമാണ് നൽകിയിരിക്കുന്നതു. അതിന്റെ ഉദ്ദേശം നാം തിരിച്ചറിയണം. ചിന്തയും നിരൂപണവും ശരിയായ രീതിയിൽ വളർത്തിയെടുക്കണം. സത്യത്തെ അസത്യം കൊണ്ട് തടുക്കുന്ന അവസ്ഥയിലേക്കു തിരിയരുത്. കാരണം പിന്നീട് സത്യത്തെ തിരിച്ചറിയുവാൻ സാദ്ധ്യമല്ല. വേറെ ചിലർ തങ്ങളുടെ ദുരഭിമാനം നിമിത്തം അവർക്കു സത്യത്തെ അംഗീകരിക്കാൻ കഴിയുന്നില്ല. അതുമല്ലെങ്കിൽ ബന്ധുക്കളും വേണ്ടപ്പെട്ടവരും ഉൾപ്പെടുന്ന വിഭാഗത്തിലെ അവരുടെ മുമ്പുള്ള കെട്ടുപാടും, വിശ്വാസവും, പ്രവൃത്തികളും ഉപേക്ഷിക്കാൻ മനസില്ല. ലളിതമായ തുറന്ന സത്യത്തെ സ്വീകരിക്കാൻ എന്തു വില കൊടുക്കേണ്ടിവന്നാലും കൊടുക്കുവാനുള്ള മനോഭാവം അവർക്കില്ല. ഏതെങ്കിലും ഒരു നാമധേയ വിഭാഗത്തിൽ അടിയുറച്ചു നിൽക്കുന്നവർ അതിൽ നിന്നും മാറിയാൽ അവരെ സമൂഹം ഒറ്റപ്പെടുത്തും എന്ന ഭയത്താൽ ഒതുങ്ങി കഴിയുന്നവരാണ്.

യേശുക്രിസ്തുവിന്റെ ഭൂമിയിലെ ശുശ്രൂഷാ സമയത്തുതന്നെ യെഹുദന്മാരാൽ നിറവേറ്റപ്പെട്ട പ്രവചനമായിരുന്നു യെശയ്യാവിന്റേത്, യേശുക്രിസ്തു ഉപമകളായി ആളുകളെ പലതും പഠിപ്പിച്ചപ്പോൾ എന്തുകൊണ്ടാണ് ഉപമകളായി ആളുകളോടു സംസാരിക്കുന്നതു എന്നു ശിഷ്യന്മാർ യേശുവിനോടു ചോദിച്ചപ്പോൾ അവൻ യെശയ്യാവിന്റെ പ്രവചനം ഉദ്ധരിക്കയുണ്ടായി (മത്തായി 13:14-15) കേൾക്കുന്നതു മനസിലാക്കി വിശ്വസിക്കുന്നതിനോ അനുസരിക്കുന്നതിനോ അവർക്ക് കഴിയുന്നില്ല. അതുകൊണ്ടു അവരുടെ ബുദ്ധി തുറക്കേണ്ടതിനു ഉപമകൾ ആവശ്യമായിരുന്നു. എങ്കിലേ സുവിശേഷ സത്യങ്ങൾ ജനങ്ങളുടെ ഉള്ളിൽ പ്രവേശിക്കയുള്ളു (മർക്കോസ് 4:12; ലൂക്കോസ് 8:10). അനേകം അത്ഭുതങ്ങൾ യേശു തന്റെ യഹൂദ സഹോദരന്മാർ കാൺകെ ചെയ്തു എങ്കിലും അവർ അവനിൽ വിശ്വസിക്കാതിരുന്നപ്പോൾ യെശയ്യാവിന്റെ പ്രവചനം ഒത്തു വരുന്നതായി പറയുന്നു (യോഹന്നാൻ 12:40).

അപ്പോസ്തലനായ പൗലൊസ് തടവിലായിരുന്നപ്പോൾ യെഹൂദ പ്രമാണിമാരോടും അവരുടെ അന്ത്യം ദുരിത പൂർണ്ണമാകാതിരിപ്പാൻ അവരോടു സംസാരിക്കുന്നുണ്ട്. അവിടേയും യെശയ്യാവ് പ്രവചിച്ച

പ്രവചനത്തെ ഉദ്ധരിക്കുന്നുണ്ട്. അവിശ്വാസത്തിന്റേയും അനുസരണമില്ലായ്മയുടേയും അനന്തരഫലം ശോകപര്യവസായി ആയിരിക്കുമെന്നു അപ്പോസ്തലന്മാരുടെ അവിശ്വാസത്തെ വിവരിക്കുമ്പോൾ പൗലോസ് യെശയ്യാവിന്റെ പ്രവചനം എടുത്തുകാണിക്കുന്നുണ്ട് (റോമർ 11:8).

എന്തു വലിയ ദുഃഖത്തെയാണ് ഇവിടെ വിവരിക്കുന്നത്? ഇതു ഭൗതികമായ രോഗമോ അപകടമോ, കഷ്ടതയോ അല്ല. പിന്നെയോ സത്യത്തെ സ്നേഹിച്ച് കൈക്കൊള്ളാതിരിക്കുന്ന മനസും ഹൃദയവുമുള്ളവർക്കു നേരിടാനിരിക്കുന്ന വേദനയെയാണ് സൂചിപ്പിക്കുന്നത്. സത്യത്തിനു പകരം അവർ മനുഷ്യസങ്കല്പങ്ങളിൽ നിന്നു ഉടലെടുത്ത കാര്യങ്ങൾ സത്യത്തിനു പകരമായി എടുക്കുന്നു. "ഈ ജനം അടുത്തു വന്നു വായ്കൊണ്ടും അധരംകൊണ്ടും എന്നെ ബഹുമാനിക്കുന്നു; എങ്കിലും തങ്ങളുടെ ഹൃദയത്തെ അവർ എങ്കൽ നിന്നു ദൂരത്താക്കി വെച്ചിരിക്കുന്നു; എന്നോടുള്ള അവരുടെ ഭക്തി മന:പാഠമാക്കിയ മാനുഷ കല്പനയത്രെ (യെശയ്യാവ് 29:13). കർത്താവ് യെഹൂദന്മാരോടു പറഞ്ഞതു: കപടഭക്തിക്കാരേ, നിങ്ങളെ കുറിച്ച് യെശയ്യാവ്, ഈ ജനം അധരം കൊണ്ട് എന്നെ ബഹുമാനിക്കുന്നു; എങ്കിലും അവരുടെ ഹൃദയം എന്നെ വിട്ടു അകന്നിരിക്കുന്നു. മാനുഷകല്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതുകൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു എന്നിങ്ങനെ പ്രവചിച്ചതു ഒത്തിരിക്കുന്നു (മത്തായി 15:7-10).

ബുദ്ധിമാനായിരുന്ന ശലോമോൻ എഴുതിയിരിക്കുന്നത്: സത്യം വില്ക്കുകയല്ല, വാങ്ങുകയത്രെ വേണ്ടത് എന്നാണ് (സദൃശവാക്യങ്ങൾ 23:3). എത്രമാത്രം വിലയുള്ളതാണ് സത്യം എന്നു തിരിച്ചറിയുക. സത്യത്തിനു പകരമായി മറ്റൊന്നില്ല. വരുവാനിരിക്കുന്ന അന്തിമ ദുരന്തത്തെ അരുളിചെയ്തിരിക്കുന്ന സത്യത്തെ തള്ളികളയുന്നവൻ അവസാനം കിടന്നു തീർത്താൽ തീരാത്ത വേദന കൊണ്ടു നീറും. സത്യത്തെ ചിലർ മറച്ചു പിടിക്കും. അങ്ങനെ ചെയ്താൽ അതു മറ്റുള്ളവർക്കു സത്യം ലഭിക്കാതിരിക്കാൻ കാരണായി തീരുന്നു. അവർക്കും വരാനിരിക്കുന്ന ശോകം ഭയങ്കരമായിരിക്കും. ദൈവവചനമാണ് സത്യം (യോഹന്നാൻ 17:17). മാംസം ഒന്നിനും ഉപകരിക്കുന്നില്ല. ജീവിപ്പിക്കുന്നതു ആത്മാവാകുന്നു. ഞാൻ നിങ്ങളോടു

സംസാരിച്ച വചനങ്ങൾ ജീവനും ആത്മാവും ആകുന്നു (യോഹ ന്നാൻ 6:63). ഈ വചനത്തെ സത്യമായി ഞാൻ മനസിലാക്കിയില്ലെ ങ്കിൽ എന്റെ കണ്ണിന്റെ കാഴ്ചശക്തിയും ഹൃദയത്തിന്റെ ഗ്രാഹ്യശ ക്തിയും ഇല്ലാതായി എന്നു പറയാം. അപ്പോൾ പിന്നെ അന്ത്യനാ ളിൽ ദു:ഖിക്കാതെ വയ്യല്ലോ.

✶

# ഗർഭഛിദ്രത്തെ വാസ്തവത്തിൽ വചനം ഖണ്ഡിക്കുന്നുവോ

## ബോബി പ്രിച്ചാർഡ്

ലോകത്തിൽ എങ്ങും പ്രത്യേകിച്ച് മത സംഘടനകളിലും വിഭാ ഗങ്ങളിലും ഉള്ള ധാരാളം ആളുകളിൽ ആശയകുഴപ്പം ഉണ്ടാക്കിയി രിക്കുന്ന ഒരു വിഷയമാണിത്. ഇതിന്റെ ആധികാരികമായ ശരിയേ ത്, തെറ്റേത് എന്ന് എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണ്. ഏതൊരു കാര്യത്തെ കുറിച്ച് ആയാലും നാം ഊഹിക്കുന്നതിനേക്കാൾ ഉചിതം വിവേചിച്ച് സത്യം ഗ്രഹിക്കുന്നതാണ്. പഴയ നിയമത്തിലോ പുതിയ നിയമത്തിലോ ഗർഭഛിദ്രത്തെ പറ്റി പറയുന്നില്ല. പക്ഷെ തിരുവെഴു ത്തിലെ പല തത്വങ്ങളും ഇതിന്റെ പരിഗണനക്കായി നമുക്ക് എടു ക്കാവുന്നതാണ്. ജീവൻ, എല്ലാ ജീവനും ദൈവത്തിൽ നിന്നു ലഭി ക്കുന്ന ദാനമാണ്. വളരെ പ്രാധാന്യമുള്ള ഒന്നാണ് പ്രാണൻ. ദൈവ മാണ് എല്ലാവർക്കും ജീവനും ശ്വാസവും നൽകുന്നതു എന്നു അപ്പൊ സ്തലനായ പൗലൊസ് പ്രതിപാദിച്ചിട്ടുണ്ട് (പ്രവൃത്തി 17:26).

മനുഷ്യജീവൻ ദൈവ സ്വരൂപത്തിലുള്ളതാണ്. അതു അമ്മയുടെ ഗർഭപാത്രത്തിൽ നിന്നു പുറത്തേക്കു വരാത്ത പ്രജയായാലും വാസ്തവമാണ് (ഉല്പത്തി 1:27)മറ്റുള്ള എല്ലാ ജീവനെക്കാളും മനു ഷ്യരുടെ പ്രാണനു വിലയുള്ളതായി കാണുന്നത് രാജാവായ, പിതാ വായ ദൈവത്തിന്റെ സാദൃശ്യത്തിലാണ് നമ്മുടെ ജീവൻ എന്നതു കൊണ്ടത്രേ. പ്രത്യുല്പാദനശേഷി ദൈവ സൃഷ്ടിക്കു നൽകിയി ട്ടുണ്ട്. ദൈവവുമായിട്ടുള്ള പ്രത്യേക ബന്ധം മനുഷ്യനെ ഒരു പടി

ഉയർത്തി നിർത്തുന്നു. രക്തത്തിലാണ് മനുഷ്യന്റെ ജീവൻ സ്ഥിതി ചെയ്യുന്നത്. അതുകൊണ്ട് ആരെങ്കിലും മനുഷ്യന്റെ രക്തം ചൊരിയിച്ചാൽ അവന്റെ രക്തം മനുഷ്യൻ ചൊരിയിക്കും. ദൈവത്തിന്റെ സ്വരൂപത്തിലല്ലോ മനുഷ്യനെ ഉണ്ടാക്കിയതു (ഉല്പത്തി 9:6).

വിശുദ്ധ ജീവിതത്തിന്റെ മാതൃക പ്രദർശിപ്പിച്ചു കൊണ്ട് മനുഷ്യരുടെ പാപ പരിഹാരയാഗം സ്വയമായി അർപ്പിച്ചുകൊടുത്ത യേശുവിനെ നോക്കുക. ആരും നശിച്ചു പോകാതെ എല്ലാവരും നിത്യജീവൻ പ്രാപിക്കേണ്ടതിനാണ് ദൈവം യേശുവിനെ ലോകത്തിലേക്ക് അയച്ചത് (യോഹന്നാൻ 3:16). മനുഷ്യർക്കു ജീവൻ ഉണ്ടാകുന്നതിനും സമൃദ്ധമായി ഉണ്ടാകുന്നതിനുമാണ് യേശു വന്നത് (യോഹന്നാൻ 10:10). മനുഷ്യനു ജീവൻ നൽകുന്നതു ദൈവമാകയാൽ ആ ജീവന്റെ വില ദൈവത്തിനു നന്നായി അറിയാം. അതുകൊണ്ട് ഒരാത്മാവുപോലും നശിച്ചു പോകുന്നതു ദൈവത്തിനു ഇഷ്ടമല്ല. ജീവൻ നിലനിർത്തുവാനാണ് കർത്താവ് തന്റെ ശിഷ്യന്മാരോടു ഭൂലോകത്തിൽ ഒക്കെയും പോയി സുവിശേഷം പ്രസംഗിപ്പാൻ കല്പിച്ചതു് (മർക്കൊസ് 16:15). അവർ അതു അനുസരിക്കയും ചെയ്തു.

ഒരു ശിശു ജനിക്കുന്നതിനു മുമ്പും ജനിച്ച ശേഷവും ഉള്ള വ്യത്യാസത്തെ ബൈബിൾ സൂചിപ്പിക്കുന്നില്ല. അതിനർത്ഥം രണ്ടു അവസ്ഥയിലും ശിശു ഒരുപോലെയാണ് എന്നത്രെ. ദൈവം യിരെമ്യാ പ്രവാചകനോടു സംസാരിക്കുന്നതു: "നിന്നെ ഉദരത്തിൽ ഉരുവാക്കിയതിനു മുമ്പെ ഞാൻ നിന്നെ അറിഞ്ഞു; നീ ഗർഭപാത്രത്തിൽ നിന്നു പുറത്തു വന്നതിനു മുമ്പെ ഞാൻ നിന്നെ വിശുദ്ധീകരിച്ചു ജാതികൾക്കു പ്രവാചകനായി നിയമിച്ചിരിക്കുന്നു (യിരെമ്യാവ് 1:5). എന്നാൽ അവന്റെ അമ്മ ആ ഗർഭത്തെ അലസിപ്പിച്ചിരുന്നെങ്കിൽ എന്താകുമായിരുന്നു? ദൈവം ഉരുവാക്കിയ ഒരു ജീവനെ ഇല്ലാതാക്കുവാൻ മറ്റാർക്കും അവകാശമില്ല. ഒരു ശിശു അമ്മയുടെ ഉദരത്തിലാണെങ്കിലും അതിനു ജീവൻ ഉണ്ട്; ശ്വസിക്കയും ആഹാരം ആകിരണം ചെയ്യുകയും ചെയ്യും. പരിശുദ്ധാത്മാവിനാൽ യേശുവിനെ ഗർഭം ധരിച്ച മറിയ എലിശബത്തിനെ വന്ദനം ചെയ്തപ്പോൾ എലിശബത്തിന്റെ ഉള്ളിലെ പിള്ള അവളുടെ ഗർഭത്തിൽ തുള്ളി(ലൂക്കൊസ് 1:45). അതുകൊണ്ട് ഗർഭപാത്രത്തിലുള്ള ശിശുവിനെ ഇല്ലാ

താക്കുന്നതു ഒരു ജീവനെ നശിപ്പിക്കുന്നതിനു തുല്യമാണ്.

വളരെയധികം തർക്കവും വാദവും ഈ വിഷയത്തെ സംബന്ധിച്ച് നടക്കുന്നുണ്ട്. ഇതിനെ ചിലർ അനുകൂലിച്ചും മറ്റു ചിലർ പ്രതികൂലിച്ചും സംസാരിക്കുന്നുണ്ട്. ആവശ്യമില്ലാത്ത കുട്ടിയെയാണ് ഇല്ലാതാക്കുന്നത് എന്നും, പുറത്തു വന്ന ശേഷം നശിപ്പിക്കുന്നതാണ് തെറ്റ് എന്നും ആളുകൾ പറയുന്നു. അമ്മയുടെ ആരോഗ്യത്തിനു ഹാനികരമാകുന്ന ഒന്ന് നശിപ്പിക്കുന്നതുകൊണ്ട് തെറ്റില്ല എന്ന് വാദിക്കാറുണ്ട്. ഏതെല്ലാം തരത്തിൽ ഇതിനെ ന്യായീകരിച്ചാലും ശരി ഇതിൽ ഉൾക്കൊണ്ടിരിക്കുന്ന യാഥാർത്ഥ്യത്തെ കാണാതിരിക്കാൻ സാദ്ധ്യമല്ല. ജീവനെ നശിപ്പിക്കയാണ് എന്നതാണ് വാസ്തവം. ജനിച്ചില്ലെന്ന കാരണത്താൽ കുഞ്ഞിന് ജീവൻ ഇല്ലെന്നതു സത്യ വിരുദ്ധമാണ്. ചെയ്യുന്നത് എന്തിനു വേണ്ടിയായാലും ശരി ഒരു ജീവനെ എടുക്കുവാൻ മനുഷ്യർക്ക് ആർക്കും അവകാശമില്ല. അതു പുരാതന കാലത്തായാലും ആധുനിക കാലത്തായാലും സത്യമാണ്. ദൈവത്തിന്റെ നിയമത്തെ ലംഘിക്കുന്ന പ്രവർത്തിയാണ് ഇതു. ജീവനെ നൽകുവാനും അത് തിരിച്ചെടുക്കുവാനുമുള്ള അധികാരം ദൈവത്തിനാണ് ഉള്ളത്.

ജീവൻ ആരംഭത്തിലായാലും അവസാന ഘട്ടത്തിലായാലും ദൈവം നിശ്ചയിച്ച ആയുസ് തീർക്കുവാൻ അനുവദിക്കണം. അതിനു എതിരായി പ്രവർത്തിക്കരുത്. നമ്മുടെ ഇഷ്ടത്തെക്കാൾ ദൈവത്തിന്റെ ഇഷ്ടത്തെ മാനിക്കുന്നവരാണ് ദൈവത്തിനു കീഴ്പ്പെടുന്നതു. ദൈവത്തോടു മത്സരിക്കുന്ന സ്വഭാവം പാടില്ല. ശിശുവിനെ ഗർഭപാത്രത്തിൽ വെച്ച് നശിപ്പിക്കുന്നതും വാർദ്ധക്യത്തിൽ ഇഞ്ചക്ഷൻ കൊടുത്തു ഒരാളെ കൊല്ലുന്നതും ദൈവസന്നിധിയിൽ പാപമാണ്. ദൈവം ഒരു നിയമം വെച്ചിരിക്കുന്നത് തന്റെ മക്കൾക്കാണ്. അതു പാലിച്ചാൽ എല്ലാവർക്കും നല്ലതാണ്. തിരുവെഴുത്തിൽ അരുളിച്ചെയ്തിരിക്കുന്ന നിർദ്ദേശങ്ങളും തത്വങ്ങളും ഏതൊരു പ്രവൃത്തിയിലും നാം പരിശോധിക്കണം. വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും കർത്താവിന്റെ അധികാരത്തിൽ വേണം ചെയ്യുവാൻ (കൊലോസ്യർ 3:17).

ദൈവം വെറുക്കുന്ന കാര്യങ്ങളെ സദൃശവാക്യങ്ങളിൽ ശലോമോൻ വിവരിക്കുന്നുണ്ട്. കൊലപാതകം പാപമാണെന്നു എല്ലാ

വർക്കും അറിയാം. പ്രായം തികയാത്ത ജിവനും പക്വതയെത്തിയ ജീവനും ഒരു പോലെയായതു കൊണ്ടു അതിൽ വ്യത്യാസം ഇല്ല. നിരപരാധിയായ ഒരു ജീവനെ ഇല്ലാതാക്കുന്നതു കുറ്റമില്ലാത്ത രക്തം ചൊരിയിക്കുന്നതു പോലെയാണ് (സദൃശവാക്യങ്ങൾ 6:17). മക്കൾ ദൈവത്തിന്റെ ദാനവും ഉദരഫലം ദൈവത്തിന്റെ പ്രതിഫലവുമാകുന്നു. ദൈവത്തിന്റെ ദാനത്തേയും പ്രതിഫലത്തേയും നശിപ്പിക്കുന്നത് ദൈവം സഹിക്കുകയില്ല. ഗർഭം ഉണ്ടാകാതെ സുക്ഷിക്കുന്നതു പാപമല്ല. ഉണ്ടായിട്ടു നശിപ്പിക്കുന്നതാണു കുറ്റം. ദൈവം തന്നിരിക്കുന്ന ബുദ്ധി നാം ദൈവേഷ്ടപ്രകാരമേ ഉപയോഗിക്കാവു. മറിച്ച് ചിന്തിക്കയും പ്രവർത്തിക്കയും ചെയ്തു ദൈവകോപം വരുത്തി വെക്കരുത്.

നിങ്ങൾ പുരുഷനായാലും സ്ത്രീയായാലും, നിങ്ങൾ നിങ്ങളുടെ പാപത്തിൽ നിന്നും വിട്ടുതിരിഞ്ഞ് മാനസാന്തരപ്പെടുക. രക്ഷിക്കപ്പെടുവാൻ ദൈവത്തിലുള്ള വിശ്വാസവും അനുസരണവുമാണ് ആവശ്യം.

✶

# മതപരമായ ഉദാസീനത

## ഗസ് നിക്കോൾസ്

സുവിശേഷ പ്രചരണ പുരോഗതിക്കു വലിയൊരു തടസമായിരിക്കയാണ് മതപരമായ അലക്ഷ്യം. ജനങ്ങളിൽ ഭൂരിഭാഗവും സുവിശേഷം സത്യമോ എന്ന കാര്യത്തിൽ ശ്രദ്ധിക്കുന്നില്ല. ബൈബിൾ പഠിപ്പിക്കുന്നതിൽ ചെറിയൊരു താൽപര്യം ഉള്ളവരാണ് അവർ. അവരും അവരുടെ കുടുംബത്തിൽ ഉള്ളവരും സ്നേഹിതന്മാരും വാസ്തവത്തിൽ രക്ഷിക്കപ്പെട്ടോ എന്നതു തന്നെ അവർക്കു നിശ്ചയമില്ലാത്ത കാര്യമാണ്. "എല്ലാവരും പാപം ചെയ്തു" എന്നും ലോകം ദുഷ്ടതകൊണ്ടു നിറഞ്ഞിരിക്കയാണെന്നും ബൈബിൾ വെളിപ്പെടുത്തുന്നുണ്ടെങ്കിലും അവർ അതു കാര്യമായെടുക്കുന്നില്ല (റോമർ 3:23). നാം എന്താണ് ചെയ്യേണ്ടതു എന്ന ബൈബിൾ ചോദ്യത്തിൽ അവർക്കു വലിയ താല്പര്യം ഇല്ലാത്തതു പോലെയാണ്

അവരുടെ നിലപാട് (പ്രവൃത്തി 2:37,38). രക്ഷിക്കപ്പെടുവാൻ ബൈബിൾ എന്തു പറയുന്നു എന്നതിനെ സംബന്ധിച്ച് അവർ വിരസത പുലർത്തുന്നു. അവരുടെ സ്വന്തം മനസിൽ ഉറപ്പിക്കുന്ന തീരുമാനത്തിൽ അവർ തൃപ്തരാണ്.

## സഭയിൽ

ക്രിസ്ത്യാനികൾ എന്നു അവകാശപ്പെടുന്നവർക്കിടയിൽ പോലും ഈ നിസംഗത കാണുന്നുണ്ട്. അവർക്കു ചുറ്റും കാണപ്പെടുന്ന നഷ്ടപ്പെട്ട ലോകത്തെ കുറിച്ച് അവർ ചിന്തിക്കുന്നേയില്ല. നഷ്ടപ്പെടുന്നവരോടു സുവിശേഷം അറിയിക്കുന്നേയില്ല. നഷ്ടപ്പെടുന്നവരോടു സുവിശേഷം അറിയിക്കേണ്ടതുണ്ടോ എന്ന കാര്യം തന്നെ അവർ മറന്നിരിക്കയാവാം. സഭ വാസ്തവത്തിൽ സമൂഹത്തിനു വെളിച്ചമാണോ, അവരെ കുറ്റപ്പെടുത്താമോ എന്ന കാര്യത്തിൽ അവർ സംശയാലുക്കളാകാം (മത്തായി 5:13, 16; ഫിലിപ്പിയർ 2:15). ലവൊദിക്യയിലുണ്ടായിരുന്നവരെ പോലെ അവർ ശീതവാന്മാരുമല്ല, ഉഷ്ണവാന്മാരുമല്ല; ശിതോഷ്ണവാന്മാരത്രേ (വെളിപ്പാട് 3:14-19). സഭ കൂടിവരുന്നതിലോ സഭയുടെ പ്രവർത്തനങ്ങളിലോ അവർ പങ്കെടുക്കയില്ല. പങ്കെടുക്കുന്നതു തന്നെ ജീവനോടെയായിരിക്കയില്ല. കർത്താവിന്റെ വേലയിൽ അശ്രദ്ധമായ സമീപനം വെച്ചു പുലർത്തുകയാണ് അവർ. ബൈബിൾ പഠനത്തിലോ പരിശീലനം നൽകുന്നതിലോ അവർക്കു താല്പര്യമില്ല. അവർ ലോകത്തിൽ ഉള്ള അനേക പുസ്തകങ്ങൾ വാങ്ങി കൂട്ടി പലതും പഠിക്കയും പഠിപ്പിക്കയും ചെയ്യുന്നു. പക്ഷെ ക്രിസ്തീയ പുസ്തകങ്ങൾ വാങ്ങി വായിക്കുകയോ പഠിപ്പിക്കയോ ചെയ്യുകയില്ല.

ലോകപ്രകാരമുള്ള പലതിനും അവർ ധാരാളം പണം ചെലവിടും. പക്ഷെ ദൈവ വേലക്കു വേണ്ടി സഹായിക്കുന്ന കാര്യത്തിൽ അവർ പിന്മാറും. ബൈബിൾ വായിക്കുവാനായി അവരെ പ്രേരിപ്പിക്കുക. പക്ഷെ അവർ അതിൽ വിരസരായിരിക്കും. അവരുടെ മക്കളോടും അയൽക്കാരുടെ മക്കളോടും അവർ അലക്ഷ്യമായിട്ടായിരിക്കും ഇടപെടുക. ദൈവത്തോടോ ദൈവീക സേവനത്തോടോ അവർക്കു യാതൊരു ഉത്തരവാദിത്വവും ഇല്ലാത്ത രീതിയിലാണ് അവരുടെ പെരുമാറ്റം. അതെല്ലാം മറ്റാരുടേയോ ജോലിയാണെന്നായിരിക്കാം അവരുടെ നിഗമനം. ക്രിസ്ത്യാനികൾ എന്നു അവകാശ

പ്പെടുന്നവരിൽ ഒരു പക്ഷെ നാലിൽ ഒരു ഭാഗം പോലും വിശ്വസ്ത രായി കാണുന്നില്ല. ബൈബിളിലെ സത്യത്തിൽ അവർക്കു തീർച്ച യില്ലാത്തതു പോലെയാണ് അവരുടെ ജീവിതം. അവർ തങ്ങളിൽ തന്നെയുള്ള സത്യത്തെ കണ്ടെത്താത്തവരാണ്. അവർ കർത്താ വിനു എതിരായി നില്ക്കുന്നവരാണ്. ആകയാൽ അവർ കർത്താ വിന്റെ ശത്രുക്കളുമാണ്. അലസ മനോഭാവം ദൈവം വെറുക്കുന്ന പാപമാണെന്ന് അവർ തിരിച്ചറിയണം. അവരുടെ വീക്ഷണഗതി ദൈവ ത്തിന്റേതാക്കി മാറ്റണം.

## വിരസതയുടെ കാരണം- അവിശ്വാസം

അവിശ്വാസവും ദൈവിക നിന്ദയും ഈ വിരസതക്കു കാരണ മായി തീരുന്നു. അവിശ്വാസികളാണ് ഇത്തരം നിസംഗതയിൽ മുന്നിട്ടു നിൽക്കുന്നതു. കാരണം അവർക്കു വിശ്വാസമില്ലാത്തതിൽ അവർ താല്പര്യം കാണിക്കേണ്ടതില്ലല്ലോ. എന്നാൽ ഒരിക്കൽ സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തിയവർ ഇത്തരം ഉദാസീനത വെച്ചു പുലർത്തുന്നതു ന്യായീകരിക്കാവുന്നതല്ല. ഒരു ദേശത്തിന്റെ ഹൃദ യത്തെ തന്നെ ഭയാനകമായ സ്വാധീനത്തിൽ എത്തിക്കയാണ് ആധു നികത. ആധധുനികതയുടെ അവകാശ വാദവും. ഉറച്ച ശബ്ദവും ഫലം പുറപ്പെടുവിക്കുന്നുണ്ട്. പക്ഷെ അതു ദോഷ ഫലമാണ്. ബൈബിളിന്റെ ദൈവശ്വാസീയതയെയും ക്രിസ്തുവിന്റെ പുത്രത്വ ത്തെയും അവർ ആക്രമിച്ചിരിക്കയാണ്. ക്രിസ്ത്യാനിത്വത്തിന്റെ പേരിൽ ആണ് അവർ കയറിയിരിക്കാൻ ആഗ്രഹിക്കുന്നത്. മനുഷ്യ ഹൃദയങ്ങളിൽ സംശയം ചെലുത്തുന്നതു പിശാചാണ്. സുവിശേഷ പ്രവർത്തന വിജയത്തിനു കഠിനാദ്ധ്വാനം ആവശ്യമാണ്. പ്രശ്നം പരിഹരിക്കുന്നതിനു തടസമായി നിൽക്കുന്നതു ദുഷ്ടന്റെ ശക്തിയും അവിശ്വാസവുമാണ്. “വിശ്വസിക്കാത്തവർ ശിക്ഷാവിധിയിൽ അക പ്പെടും” (മർക്കൊസ് 16:16).

## അവിശ്വാസത്തിനും അലക്ഷ്യത്തിനും കാരണം- നാമധേയ വിഭാഗങ്ങൾ

മതപരമായ ഭിന്നതകൾ, വിഭാഗങ്ങൾ എന്നിവ ആളുകൾക്കു ള്ളിൽ അവിശ്വാസവും അലക്ഷ്യവും ഉണർത്തുന്നു. ഇതു മുന്ന

(ശേഷം പേജ് 29 നോക്കുക).

*Watch!*

# SATHYANADAM

# TV PROGRAME

## TRUE GOSPEL MESSAGE

## Speaker:

# Bro.P.K. VARGHESE

## Saturday **6 am to 6.30 am**

## On JAI HIND CHANNEL

റിഞ്ഞ യേശു തന്റെ അവസാന പ്രാർത്ഥനയിൽ ഐക്യതക്കായി ആവശ്യപ്പെടുന്നു. പിതാവ് യേശുവിനെ അയച്ചു എന്നു വാസ്തവത്തിൽ ലോകത്തിലുള്ള ആളുകൾ വിശ്വസിക്കുവാൻ അങ്ങനെ കാരണമായി തീരും (യോഹന്നാൻ 17:20-23). വിപരീതോപദേശം വെച്ചു പുലർത്തുന്ന ഇവർ വിഭിന്ന വിശ്വാസത്തെയും ആരാധനകളേയും ആചാരങ്ങളെയും പഠിപ്പിക്കുന്നതു കൊണ്ടു ദൈവത്തിൽ നിന്നു അനുഗ്രഹത്തിനു പകരം ശാപമാണ് ഏറ്റുവാങ്ങുന്നത്. ഈ വൈരുദ്ധ്യങ്ങൾ എല്ലാം ബൈബിളിൽ ഉള്ളതായിരിക്കും എന്ന സംശയത്തിൽ അവർ എത്തിച്ചേരുന്നു. ഫലമോ ഉദാസീനതയായിരിക്കും. അവസാനം അവർ ഒരു തീരുമാനത്തിലെത്തും. ആരൊക്കെ എങ്ങനെയായാലും നമുക്കു ഇങ്ങനെയങ്ങു പോയാൽ മതി. നമുക്കു അതിലൊന്നും ഒരു പങ്കുമില്ല എന്ന അർത്ഥത്തിൽ അവർ സ്വയമായി കൈ കഴുകും.

ക്രിസ്ത്യാനിത്വത്തെ അത്തരത്തിൽ അവഗണിക്കാൻ കാരണക്കാർ ആരാണെന്നു ചിന്തിച്ചു നോക്കുക. സ്വർഗ്ഗത്തിലേക്കു പോകുവാനുള്ള എളുപ്പ വഴി കണ്ടെത്തിയിരിക്കയാണ് മനുഷ്യർ. ബൈബിൾ എന്തു പറയുന്നു എന്നതു ആർക്കും പ്രശ്നമേ അല്ല എന്ന രീതിയിലാണു അവരുടെ ജീവിതം. എല്ലാ സഭയും ഒന്നു പോലെ തന്നെയാണ്; എല്ലാ സഭയിലും നന്മയും തിന്മയും ഉണ്ട്. അതുകൊണ്ട് സഭ മാറിയിട്ടെന്താണു ഫലം എന്ന ന്യായീകരണത്തിൽ അവർ എത്തിച്ചേരുന്നു. വ്യക്തമായി പഠിപ്പിക്കുന്ന ദൈവ കല്പനയെ അവർ മറന്നു കളയുകയാണ്. ദൈവ കല്പനയിൽ വിശ്വാസമില്ലാത്ത ജീവിതവും ദൈവ കല്പന അനുസരിക്കാത്ത വിശ്വാസ ജീവിതവും ദൈവസന്നിധിയിൽ വ്യർത്ഥമാണ്.

## സഭയിലെ ലൗകികതയും പാപ സ്വഭാവവും

സഭയിൽ കാണപ്പെടുന്ന പാപ സ്വഭാവവും ലൗകീക ഭ്രമവും ആളുകളെ അലക്ഷ്യ സ്വഭാവത്തിലേക്കു നയിക്കും ദുസ്വഭാവങ്ങളിൽ തങ്ങളുടെ ഹൃദയങ്ങൾ വീണിരിക്കയാണ്. അതിൽ നിന്നു പിന്തിരിയാൻ അവർക്കു കഴിയുകയില്ല. അവരുടെ ഹൃദയം കഠിനപ്പെട്ടു പോയിരിക്കയാണ്.

✶

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!